പാലക്കുഴി മലമുകളിലേക്കുള്ള റോഡരികിലെ കാട് വെട്ടിത്തെളിക്കാൻ ഒരുങ്ങുന്ന നാട്ടുകാർ.

കൂട്ടായ്മയുടെ മാതൃക: പാലക്കുഴി മലമുകളിലേക്കുള്ള റോഡ് ക്ലീൻക്ലീൻ!

വടക്കഞ്ചേരി: ഇതു മലയോര കുടിയേറ്റ ഗ്രാമത്തിന്റെ കൂട്ടായ്മയാണ്. കണച്ചിപ്പുരുതയിൽനിന്നും പാലക്കുഴിയിലേക്കുള്ള റോഡ് ഇരുവശവും കാടുകയറി വാഹനങ്ങൾക്കുപോകാൻ തടസമാകുംവിധം വളർന്നു കയറിയപ്പോൾ കാടുവെട്ടി തെളിയിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകി അധികൃതരെ ബുദ്ധിമുട്ടിക്കാനൊന്നും പാലക്കുഴിക്കാർ സമയം കളഞ്ഞില്ല.

പഞ്ചായത്ത് മെംബർ റെൻസി ജോയ്സിന്റേയും പാലക്കുഴി സെന്റ് തോമസ് പള്ളി വികാരി ജസ്റ്റിൻ കോലംകണ്ണിയുടേയും നേതൃത്വത്തിൽ കാടുവെട്ടിത്തെളിക്കൽ യജ്ഞം നടത്തി.

കണച്ചിപ്പുരുതയിൽനിന്നും തുടങ്ങുന്ന റോഡിൽ പുല്ലംപരുത മുതൽ പാലക്കുഴി വരെയുള്ള അഞ്ചുകിലോമീറ്റർ ദൂരം റോഡിന്റെ ഇരുവശവും കാടുവെട്ടി റോഡ് മനോഹരമാക്കി.

കാടുമൂടിയ പാതയോരം വൃത്തിയാക്കിയപ്പോൾ.

പുല്ലുവെട്ടുന്ന മെഷീനുകളുള്ള 12 പേർ, പിന്നെ അവരെ സഹായിക്കാൻ ഒരുകൂട്ടം നാട്ടുകാർ. രാവിലെ പത്തോടെ പുല്ലംപരുതയിൽനിന്നും തുടങ്ങി വൈകീട്ടോടെ പണി കഴിഞ്ഞു.

ശ്രമദാനത്തിനെത്താൻ കഴിയാത്തവർ സാമ്പത്തിക സഹായം നൽകി കൂട്ടായ്മയിൽ പങ്കാളികളായി. മെഷീനുള്ള പെട്രോൾ, ഭക്ഷണം എല്ലാം കൂട്ടായ്മയിൽ പങ്കുവച്ചു.

താണിച്ചുവട് മുതൽ പൊന്മുടി വരെയുള്ള പീച്ചി വനാതിർത്തിയിലെ സോളാർ ഫെൻസിംഗിലെ വള്ളിപ്പടർപ്പുകൾ വൃത്തിയാക്കലും ഈ കൂട്ടായ്മയുടെ സംഘബലത്തിലാണ് നടക്കുന്നത്.

പുല്ലുമേയാൻ പശുക്കൾക്കുപോലും പേടി!

കാടുകയറി വൈദ്യുതിക്കമ്പികളും പോസ്റ്റുകളും; ഷോക്ക് ഉറപ്പ്

ഡോ. മാത്യു കല്ലടിക്കോട്

പാലക്കയം: കാട്ടിനുള്ളിലൂടെ കടന്നുപോകുന്ന വൈദ്യുതിലൈനിൽനിന്നും നിർഗമിക്കുന്ന വൈദ്യുതി പുല്ലുകളിലൂടേയും മരങ്ങളിലൂടേയും പ്രസരിക്കുന്നതുമൂലം ജനങ്ങൾ ഭീതിയിൽ.

ഇടക്കുർശി പാലക്കയം ശിരുവാണി റോഡിലെ വൈദ്യുതി കമ്പികളിലൂടെയാണ് വൈദ്യുതി ലീക്കായി ഷോക്കേൽക്കുന്നത്. ശിരുവാണി ഡാമിലേയ്ക്കുള്ള 22 കിലോമീറ്റർ റോഡിലാൺ കാടുകൾ കയറി ഇലക്ട്രിക് പോസ്റ്റുകളും കമ്പികളും മൂടിക്കിടക്കുന്നത്.

മഴ പെയ്താൽ വെള്ളമൊഴുകി തഴെയുള്ള പുല്ലുകളിൽ പതിക്കുമ്പോൾ വൈദ്യുതിയും പ്രസരിക്കുകയും ഷോക്കേൽക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസം പുല്ലു മേയുന്നതിനിടെ പശു ഷോക്കേറ്റ് തെറിച്ചു വീണെങ്കിലും രക്ഷപ്പെട്ടു. പലഭാഗങ്ങളിലും പുല്ലുവളർന്ന് വൈദ്യുതിക്കാലുകളിലും കമ്പികളിലും തട്ടിനിൽക്കുന്നതുമൂലം വൈദ്യുതി നഷ്ടവും സംഭവിക്കുന്നുണ്ട്.

പുതുക്കാട്, ഇഞ്ചൻകവല, നിരവിനു താഴെ, ഇരുമ്പാമുട്ടി ചപ്പാത്തിനു സമീപം, ഇഞ്ചിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലാണ് കാടുകയറിക്കിടക്കുന്നതേറെയും.

ഇടക്കുർശി ശിരുവാണി റോഡിൽ ഇരുമ്പാമുട്ടി ഭാഗത്ത് കാടുകയറി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്.

സാധാരണ മഴക്കാലത്തിനുമുമ്പ് കാടുകളും മരക്കൊമ്പുകളും വെട്ടിയൊതുക്കാറുണ്ട്.

എന്നാൽ ഇപ്രാവശ്യം അധികാരികൾ ഒന്നും ചെയ്തിട്ടില്ല. ഇന്നലെ സ്കൂൾവിട്ട് വീട്ടിലേയ്ക്കു വരികയായിരുന്ന കുട്ടികൾ വൈദ്യുതിക്കാലിനോടു ചേർന്ന് നിന്നിരുന്ന പുല്ലിൽ തൊട്ടപ്പോൾ ഷോക്കേറ്റെ തെറിച്ചെങ്കിലും രക്ഷപ്പെടുകയായിരുന്നു.

മഴക്കാലത്ത് വൈദ്യുതിക്കാലുകൾ മറിഞ്ഞു വീഴാനും ഷോക്കേറ്റ് അപകങ്ങളുണ്ടാകാനും സാധ്യതയുണ്ട്. വൈദ്യുതിക്കാലുകളിലും കമ്പികളിലും മുട്ടിനിൽക്കുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

നീതിപുരത്ത് കരിങ്കൽക്വാറി

ലൈസൻസ് നിഷേധിച്ച് കിഴക്കഞ്ചേരി പഞ്ചായത്ത്

മംഗലംഡാം: നാട്ടുകാരുടെ ശക്തമായ പ്രതിഷേധം നിലനിൽക്കുന്ന നീതിപുരത്ത് കരിങ്കൽക്വാറി തുടങ്ങുന്നതിനുള്ള ലൈസൻസ് നിഷേധിച്ച് കിഴക്കഞ്ചേരി പഞ്ചായത്ത് ഭരണസമിതി.

ഐക്യകണ്ഠേനയാണ് ഭരണസമിതി യോഗം തീരുമാനമെടുത്തത്. ഇതു സംബന്ധിച്ച് കളക്ടർക്ക് റിപ്പോർട്ട് നൽകും.

ജനവാസമേഖല, പരിസരവാസികളുടെ പരാതികൾ, ഗ്രാമീണ റോഡുകളുടെ തകർച്ച, കാർഷിക മേഖലയുടെ നാശം തുടങ്ങിയ പരിഗണിച്ചാണ് ലൈസൻസിന് അനുമതി നിഷേധിച്ചത്.

നിലവിൽ പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റിൽ നിന്നുള്ള വാഹന ബാഹുല്യംമൂലം ഗ്രാമീണ റോഡിന്റെ സ്ഥിതി ഏറെ ശോച്യാവസ്ഥയിലാണെന്നു മെംബർമാർ ചൂണ്ടിക്കാട്ടി. പ്രദേശത്ത് വീണ്ടും ക്വാറികൾ തുടങ്ങിയാൽ പ്രദേശമാകെ ഇല്ലാതാകുന്ന സ്ഥിതിയിലേക്കു മാറുമെന്ന വിലയിരുത്തലുമുണ്ടായി.

പബ്ലിക് ഹിയറിംഗ് ഓഗസ്റ്റ് ആറിന്

മംഗലംഡാം: നീതിപുരത്ത് കരിങ്കൽക്വാറി ആരംഭിക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനായി അടുത്ത മാസം മംഗലംഡാമിൽ പബ്ലിക് ഹിയറിംഗ് നടത്തും.

ഓഗസ്റ്റ് ആറിന് രാവിലെ 11ന് മംഗലംഡാം ക്രൗൺ പ്ലാസ ഓഡിറ്റോറിയത്തിലാണ് ഹിയറിംഗ്.

ക്വാറിയെ സംബന്ധിച്ച് ആശങ്കയുള്ള പ്രദേശവാസികൾക്ക് അഭിപ്രായങ്ങൾ വാക്കാലോ രേഖാമൂലമോ പബ്ലിക് ഹിയറിംഗ് സമയത്ത് നൽകാം.

പദ്ധതി സംബന്ധിച്ച വിവരങ്ങൾ kspcb.kerala.gov.in എന്ന വെബ്സൈറ്റിലുണ്ട്. ഹിയറിംഗ് തീയതി വരെ കെ.എസ്. വിനയ, ചീഫ് എൻവയോൺമെന്റൽ എൻജിനീയർ, മേഖല ഓഫീസ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എറണാകുളം എന്ന വിലാസത്തിലും പരാതികൾ അറിയിക്കാമെന്നു അധികൃതർ അറിയിച്ചു.

വെള്ള ഈച്ചരന്റെ നൂറ്റിയെട്ടാം ജന്മവാർഷിക സമ്മേളനം മന്ത്രി പ്രഫ.കെ.എ. തുളസി ഉദ്ഘാടനം ചെയ്യുന്നു.

ആദിവാസി മേഖലകളിലേക്ക് അവധിദിനവും കെഎസ്ആർടിസി സർവീസ്: മന്ത്രി

മംഗലംഡാം: ആദിവാസി ഉന്നതികളുള്ള എല്ലാ പ്രദേശങ്ങളിലേക്കും അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തുമെന്നു ഗതാഗതമന്ത്രി സി.പി. ജോൺ പറഞ്ഞു.

മംഗലംഡാം ചൂരുപാറ, കടപ്പാറ പ്രദേശങ്ങളിലേക്ക് കെഎസ്ആർടിസി ബസുകൾ അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും സർവീസ് നടത്തുന്നില്ലെന്നു ചൂണ്ടിക്കാട്ടി കിഴക്കഞ്ചേരി പഞ്ചായത്ത് മെംബർ ഷാജു ആന്റണി പുളിക്കലിന്റെ നേതൃത്വത്തിൽ മെംബർമാർ മന്ത്രിയെ സന്ദർശിച്ചു നൽകിയ പരാതിയിലാണ് ഉടൻ നടപടിയുണ്ടായിട്ടുള്ളത്.

അവധി ദിനമായ ഇന്ന് ചൂരുപാറയ്ക്ക് കെഎസ്ആർടിസി ബസ് സർവീസുണ്ടാകുമെന്നു മെംബർ ഷാജു ആന്റണി പറഞ്ഞു. റെൻസി ജോയ്സ്, ലീലാമ്മ ജോസഫ് തുടങ്ങിയ മെംബർമാരും പരാതിയുമായുണ്ടായിരുന്നു.

മുൻമന്ത്രി വെള്ളഈച്ചരന്റെ ജന്മവാർഷിക സമ്മേളനം

വടക്കഞ്ചേരി: കോൺഗ്രസ് നേതാവും മുൻമന്ത്രിയുമായ വെള്ളഈച്ചരന്റെ നൂറ്റിയെട്ടാമത് ജന്മവാർഷിക സമ്മേളനം പട്ടികജാതി- പട്ടികവർഗ പിന്നോക്ക ക്ഷേമ വികസനമന്ത്രി പ്രഫ.കെ.എ. തുളസി ഉദ്ഘാടനം ചെയ്തു.

ഡിസിസി ജനറൽ സെക്രട്ടറി സി. പ്രേംനവാസ് അധ്യക്ഷത വഹിച്ചു.

കെപിസിസി അംഗം സി. പ്രകാശ്, ഡോ. അർസലൻ നിസാം, കെ. ചാത്തൻ മാസ്റ്റർ, എം. നാരായണ സ്വാമി, ഡോ. ടി.കെ. കുട്ടമണി, വേലായുധൻ, എം. ദിലീപ്, വി. സജീഷ് കുമാർ, സി. മണി, സി. പ്രസാദ്, ശ്രീനാഥ് വെട്ടത്ത്, സുനിൽ ചുവട്ടുപാടം പ്രസംഗിച്ചു.

മലമ്പുഴ കനാലിൽ മണ്ണിടിച്ചിലുണ്ടായ ഭാഗത്ത് പരിശോധനയ്ക്കെത്തിയ ജില്ലാ കളക്ടറും സംഘവും.

മലമ്പുഴ കനാലിലെ മണ്ണിടിച്ചിൽ: സംരക്ഷണഭിത്തി നിർമിക്കാൻ നിർദേശംനൽകി കളക്ടർ

പാലക്കാട്: ഐഎംഎ ജംഗ്ഷൻ- സിവിൽ സ്റ്റേഷൻ റോഡിലെ മണ്ണിടിഞ്ഞ് മലമ്പുഴ ജലസേചന കനാലിലേക്കുവീണ പ്രദേശം ഉടൻ പൂർവസ്ഥിതിയിലാക്കണമെന്നു ജില്ലാ കളക്ടർ കെ. സുധീർ. മഴ ശക്തമായതിനെ തുടർന്ന് ഇടിഞ്ഞുവീണ കനാലിന്റെ ഭിത്തി എത്രയും വേഗം പുനർനിർമിക്കണമെന്ന് സ്ഥലം സന്ദർശിച്ച കളക്ടർ മലമ്പുഴ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കു നിർദേശം നൽകി.

ഞായറാഴ്ചയ്ക്കകം കനാലിലെ മണ്ണ് നീക്കംചെയ്യണം. തുടർന്ന് സംരക്ഷണഭിത്തി പുനർനിർമിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. എഡിഎം എ. അബുൾ ലത്തീഫും കളക്ടറോടൊപ്പം സ്ഥലം സന്ദർശിച്ചു. വ്യാഴാഴ്ചയാണ് തിരക്കേറിയ ഐഎംഎ ജംഗ്ഷൻ- സിവിൽ സ്റ്റേഷൻ റോഡിലെ മണ്ണിടിഞ്ഞത്. റോഡരികിലെ വൈദ്യുതിപോസ്റ്റും കനാലിനു കുറുകെ വീണിരുന്നു.

കേരള സെവൻസ് ഫുട്ബോൾ അസോസിയേഷൻ ജില്ലാസമ്മേളനം നാളെ മണ്ണാർക്കാട്ട്

മണ്ണാർക്കാട്: ഓൾ കേരള സെവൻസ് ഫുട്ബോൾ അസോസിയേഷൻ ജില്ലാ സമ്മേളനം നാളെ നടക്കും. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രാവിലെ ഒമ്പതിനു നടക്കുന്ന സമ്മേളനം പൊതുവിദ്യാഭ്യാസമന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും. നഗരസഭാ ചെയർപേഴ്സൺ കെ. സജ്ന മുഖ്യാതിഥിയാകും.

എഎസ്എഫ്എ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ചേറൂട്ടി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പ്രസിഡന്റ് ഫിറോസ് ബാബു അധ്യക്ഷത വഹിക്കും.

ഇന്നത്തെ സിനിമ

പാലക്കാട്

പ്രിയദർശിനി- I nobody (മല- 11.15, 2.15, 6.00, 9.00).
പ്രിയ- I nobody (മല- 11.15, 2.15, 6.00, 9.00).
പ്രിയതമ- കിരീടം (11.15, 2.15, 6.00, 9.00).
അരോമ സ്ക്രീൻ ഒന്ന്- I nobody (മല- 11.15, 2.15, 6.00, 9.00).
അരോമ സ്ക്രീൻ രണ്ട്- കിരീടം (11, 2, 6, 9)
ന്യൂഅരോമ- Idayum Murali (തമി-11.15, 2.15, 9.00)
സത്യ മൂവീസ്- Evil Dead Burn (11,2,6,9)
ശ്രീദേവിദുർഗ സ്ക്രീൻ ഒന്ന്- I nobody (11.00, 2.15, 5.30, 8.45, 11.55).
സ്ക്രീൻ രണ്ട്- Idayum Murali (11.30, 2.30, 6.00, 9.15).
സിഎൻസി വി സിനിമാസ് സ്ക്രീൻ ഒന്ന്- I nobody (11.30, 2.30, 6.00, 9.00).
സ്ക്രീൻ രണ്ട്- Evil Dead Burn (11.30, 2.30, 6. 9.15)

വടക്കഞ്ചേരി

ഡ്രീം ബിഗ് സിനിമാസ് മയൂഖ്- കിരീടം (മല- 11.15,2.30,6.15, 9.30).
ഡ്രീംബിഗ് കെഎഎം മൂവീസ്- Ivanukku sariyana Alille(തമി - 11.30,2.30,6.30, 9.30).
ജയഭാരത് മൂവീസ്- I nobody (മല -11.15, 2.30,6.15,9.30).
ജയഭാരത് സ്ക്രീൻ ഒന്ന്- Idayum Murali (തമി- 11.15,2.30,6.15, 9.30).
ജയഭാരത് സ്ക്രീൻ രണ്ട്- Evil Dead Burn(Eng - 11.15, 2.30, 9.30). Gata Gusthi (തമി - 6.15).
തങ്കം സിനിമാസ്- Nobody (മല- 11.15, 2.30, 6.15, 9.30).

ചിറ്റൂർ

കൈരളി- I nobody (11, 2, 6, 9).
ശ്രീ- Idayum Murali (11, 2, 6, 9).

കല്ലടിക്കോട്

ബാല- I nobody (മല -11.15, 2.30,6.15, 9.00).

കാരാകുറിശി പഞ്ചായത്തിലെ ഭവനനിർമാണ പ്രഖ്യാപനം പ്രസിഡന്റ് റിയാസ് നാലകത്ത് നിർവഹിക്കുന്നു.

സമ്പൂർണ ഭവനരഹിതമുക്തം

ചുവടുവച്ച് കാരാകുർശി ഗ്രാമപഞ്ചായത്ത്

കല്ലടിക്കോട്: സമ്പൂർണ ഭവനരഹിതമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കു ചുവടുവയ്പ്പുമായി കാരാകുറിശി ഗ്രാമപഞ്ചായത്ത്. ലൈഫ് മിഷൻ പിഎംഎവൈ പദ്ധതികളുടെ ഭാഗമായി ഈ വർഷം പഞ്ചായത്തിൽ പുതുതായി നിർമിക്കുന്ന 400 വീടുകളുടെ ഔദ്യോഗിക നിർമാണ പ്രഖ്യാപനം നടത്തി.

ഔദ്യോഗിക പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിയാസ് നാലകത്ത് നിർവഹിച്ചു. അർഹരായ മുഴുവൻ കുടുംബങ്ങൾക്കും സുരക്ഷിതമായ മേൽക്കൂര ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നു പ്രസിഡന്റ് പറഞ്ഞു. ഷിഫാന, അലി അക്ബർ, ബിനു. ശ്രുതി, ഷഫീഖ്, അജേഷ്, രാജേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

നഷ്ടപ്പെട്ട അമ്പതു ഫോണുകൾ കണ്ടെത്തി ഉടമകൾക്കു കൈമാറി ഒറ്റപ്പാലം പോലീസ്

ഒറ്റപ്പാലം: ഇങ്ങനെയാവണം പോലീസ്, ഒറ്റപ്പാലം പോലീസിനൊരു ബിഗ് സല്യൂട്ട്. നഷ്ടപ്പെട്ടതായി കരുതിയിരുന്ന 50 മൊബൈൽ ഫോണുകളാണ് ഒറ്റപ്പാലം പോലീസ് ഉടമകൾക്കു കണ്ടെത്തി തിരികെ നൽകിയത്. ഇതിൽ ലക്ഷങ്ങൾ വിലമതിക്കുന്ന സ്മാർട്ട് ഫോണുകളുമുണ്ട്.

ഒഡീഷ, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും ഫോണുകൾ കണ്ടെടുത്തു.

ഒറ്റപ്പാലം പോലീസിന്റെ സൈബർ വിഭാഗമാണ് അന്വേഷണം നടത്തി അന്യസംസ്ഥാനകളിൽ നിന്നടക്കം ഫോണുകൾ കണ്ടെടുത്തത്.

ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ഉടമകൾക്കു ഫോണുകൾ കൈമാറി.

മാതൃകയായി പഞ്ചായത്തംഗം വിനേഷ്

അന്ന് രാജ്യസേവനം, ഇന്ന് ദേശസേവനം

അയിലൂർ: ജനപ്രതിനിധിയെന്ന നിലയിൽ നൽകിയ വാഗ്ദാനങ്ങൾ പ്രവൃത്തിയിലൂടെ നിറവേറ്റി നാടിനു മാതൃകയാവുകയാണ് അയിലൂർ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡ് മെംബറും വിമുക്തഭടനുമായ വിനേഷ്.

വാർഡിലെ പൊതുവഴികളുടെ ഇരുവശങ്ങളിലും വളർന്നു പന്തലിച്ച പാഴ്ചെടികളും കുറ്റിക്കാടുകളും സ്വന്തം നേതൃത്വത്തിലും ചെലവിലുമാണ് വൃത്തിയാക്കി സഞ്ചാരയോഗ്യമാക്കിയത്.

കഴിഞ്ഞ പത്തുദിവസങ്ങളായി വാർഡിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഏറെ ആശ്വാസമാണ് ലഭിച്ചിരിക്കുന്നത്. റോഡരികിൽ കാഴ്ച മറച്ചുനിന്ന കുറ്റിക്കാടുകളും വാഹനഗതാഗതത്തിനും കാൽനടയാത്രയ്ക്കും തടസമായിരുന്ന പാഴ്ചെടികളും നീക്കം ചെയ്തതോടെ പൊതുവഴികൾ കൂടുതൽ സുരക്ഷിതവും സഞ്ചാരയോഗ്യവുമായി മാറി. തെരഞ്ഞെടുപ്പ് വേളയിൽ വാർഡിലെ ഓരോ വോട്ടർക്കും നൽകിയ വാക്കുകൾ ഓരോന്നായി പാലിച്ചുവരികയാണെന്നും വിനേഷ് പറഞ്ഞു. വാർഡ് മെംബർ എന്ന നിലയിൽ ലഭിക്കുന്ന പ്രതിഫലവും സൈനിക സേവനത്തിന്റെ ഭാഗമായി ലഭിക്കുന്ന പെൻഷന്റെ ഒരു ഭാഗവും ഉപയോഗപ്പെടുത്തിയാണ് വിവിധ പൊതുപ്രവർത്തനങ്ങൾ നടത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

റോഡിനു ഇരുവശത്തെയും പാഴ്ച്ചെടികളും കുറ്റിക്കാടുകളും വെട്ടിമാറ്റുന്ന പഞ്ചായത്തംഗം വിനേഷ്.

രാജ്യസേവനം അവസാനിപ്പിച്ച് നാട്ടിലെത്തിയതു മുതൽ സാമൂഹിക -സന്നദ്ധ പ്രവർത്തനങ്ങളിലും ചാരിറ്റി പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാണ് വിനേഷ്.

വാർഡിലെ മുഴുവൻ കുടുംബങ്ങൾക്കും സുരക്ഷിതമായ ഭവനം ഉറപ്പാക്കുകയെന്നതാണ് തന്റെ അഞ്ചുവർഷ കാലയളവിലെ പ്രധാന ലക്ഷ്യമെന്നും വിനേഷ് വ്യക്തമാക്കി.

ഹൈസ്കൂൾ വിദ്യാർഥികൾക്ക് ജില്ലാതല ക്വിസ് മത്സരം ഇന്ന്

പാലക്കാട്: വായന മാസാചരണത്തിന്റെ ഭാഗമായി പി.എൻ. പണിക്കർ ഫൗണ്ടേഷൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കുള്ള ജില്ലാതല ക്വിസ് മത്സരം ഇന്നു നടക്കും.

പാലക്കാട് ഹെഡ് പോസ്റ്റ് ഓഫീസിന് സമീപമുള്ള എസ്.എസ്. അക്കാദമി ഹാളിലാണ് മത്സരം. രാവിലെ 9.30ന് രമേശ് പിഷാരടി എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാതല മത്സരത്തിൽ വിജയികളാകുന്ന വിദ്യാർഥികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും പുസ്തകങ്ങളും നൽകും.

ജില്ലാതല വിജയികൾക്ക് 18ന് നടക്കുന്ന സംസ്ഥാനതല ക്വിസ് മത്സരത്തിൽ പങ്കെടുക്കാനും അവസരം ലഭിക്കും. സംസ്ഥാനതല മത്സരത്തിൽ വിജയികളാകുന്ന വിദ്യാർഥിക്ക് 50,000 രൂപ കാഷ് അവാർഡിനോടൊപ്പം അമ്പതിനായിരം രൂപയുടെ പുസ്തകങ്ങളും ലഭിക്കും.

നോട്ടീസ്

മാർച്ച് 2006 വർഷത്തെ 299837 എന്ന രജിസ്റ്റർ നമ്പറിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധം നഷ്ടപ്പെട്ടതായി അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്പിളിക്കേറ്റ് പകർപ്പിനായി പരീക്ഷ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നുണ്ട്. ഇതിൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന്,
VishnuPrabhu.P.,
Poondikal (House),
Vadakkencherry.P.O.,
Palakkad - 678683.
Ph-9605871152.

T2607-597217

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...भरोसे का प्रतीक ! ...the name you can BANK upon !

എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം-682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേലവിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "എന്തൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇ-ലേല തീയതിയും സമയവും: **04.08.2026** ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	PNB, ARMB, എറണാകുളം ശ്രീ. മോഹനൻ. പി. കെ, 4/60/(10) ശ്രീഹരി, മുരുകാനി റോഡ്, പാലക്കാട്-678005 ശ്രീപ്രഭ ഹൗസ്, വെള്ളിയോലി ലെയിൻ 3, KSEB കല്ലേപ്പുള്ളിക്ക് സമീപം, പാലക്കാട്-678018, ശ്രീമതി. മിനി മോഹനൻ, ശ്രീപ്രഭ ഹൗസ്, വെള്ളിയോലി ലെയിൻ 3, KSEB കല്ലേപ്പുള്ളിക്ക് സമീപം, പാലക്കാട്-678018	പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട്-2 വില്ലേജിൽ, പുത്തൂർ ദേശത്ത് സർവ്വേ നം. 2443/1 ൽ പെട്ട ശ്രീ.പി.കെ.മോഹനൻ വക 0.206 ഹെക്ടർ (5.08 ആർസ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റ് കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്** : വഴി; **തെക്ക്** ഹൈമ ശ്രീജിത്ത് വക വസ്തു; **കിഴക്ക്** : മുൻസിപൽ റോഡ്; **പടിഞ്ഞാറ്**: ജയരാജ് വക വസ്തു.	(എ) 13(2) - 22.05.2018 (ബി) 30.06.2026ലെ രൂപ 96,59,216.81 (തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ എൺപത്തി ഒന്ന് പൈസയും 01.07.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശമെടുത്ത തീയതി: 13.11.2018 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 30,60,000/- (ബി) രൂപ 3,06,000/- (സി) രൂപ 10,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല

ഇ-ലേല തീയതിയും സമയവും: **04.08.2026** ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി:	വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ
03.08.2026	മുൻകൂർ അനുമതി